പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1982 — 12.02.2013 ൽ മറുപടിയ്ക്ക്

പറമ്പിക്കുളം - ആളിയാർ കരാർ ലംഘനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം തമിഴ്നാട് കേരളത്തിന് ജലം നൽകാത്തതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിന്റെ സുപ്രധാന തീരുമാനങ്ങളുടെ വിശദാംശം നൽകുമോ;<br><br>(ബി) ഇക്കാര്യത്തിൽ സമയബന്ധിതമായി സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ? | (എ)<br>&<br>(ബി) | 30.01.2013-ൽ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിൽ തമിഴ്നാടിനെതിരെ നിയമ നടപടി സ്വീകരിക്കുവാനും കൂടാതെ കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുമായി ഇക്കാര്യത്തിൽ ചർച്ച നടത്തുവാനും തീരുമാനമായിട്ടുണ്ട്. കൂടാതെ ജലദൗർലഭ്യം മൂലം കർഷകർക്കുണ്ടായ നഷ്ടം കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാനപ്രകാരം തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ചയ്ക്ക് സമയം ചോദിച്ചുകൊണ്ട് കത്തെഴുതിയിട്ടുണ്ട്. കൂടാതെ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് അടിയന്തര നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ